LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ മെഡിക്കൽ കോളേജിൽ ബൈപാസ് സർജറി നടത്തുന്നതിനുള്ള സൗകര്യം

38 (624) എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട്, തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകളിലെ സാധരണക്കാരായ ആളുകൾ സമീപിക്കുന്ന റഫറൽ ആശുപത്രി എന്ന നിലയിൽ തൃശ്ശൂർ മെഡിക്കൽ കോളേജിൽ ബൈപ്പാസ് സർജറി നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുവാൻ ആലോചിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജിൽ ബൈപ്പാസ് സർജറി സൗകര്യം ഏർപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ&ബി) തൃശ്ശൂർ മെഡിക്കൽ കോളേജിൽ കാർഡിയോളജി യൂണിറ്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കാർഡിയാക് കാത്ത്ലാബും ആൻജിയോപ്ലാസ്റ്റി യൂണിറ്റും കാർഡിയോ വാസ്കുലാർ തൊറാസിക് സർജറി യൂണിറ്റും ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ്

39 (625) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിർത്തലാക്കിയതിനുശേഷം ഇന്നുവരെ എത്ര ഡോക്ടർമാർ ജോലി രാജിവെച്ചുപോയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര ഡോക്ടർമാർ പുതുതായി മെഡിക്കൽ കോളേജുകളിൽ ജോലിക്ക് പ്രവേശിച്ചിട്ടുണ്ട് ;

(സി) മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാർ സ്വകാര്യ പ്രാക്ടീസ് നടത്തിയതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; പരാതിയിന്മേൽ ആരുടെയെങ്കിലും പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എത്രപേർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.